# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുനെല്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി/പി4/829/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 09/10/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുനെല്ലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി/പി4/829/2023 തീയ്യതി: 09/10/2023

## വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അഖില മോഹൻ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2023 | 02-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-08-2023 | 02-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സക്കീർ ഹുസൈൻ. പി - ഓഡിറ്റ് ഓഫീസർ
ശ്രീമതി. ബിന്ദു. കെ.കെ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സമീർ എം - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. വിപിൻ ചന്ദ്രൻ.എം.ടി - ഓഡിറ്റർ
ശ്രീ. അർജ്ജുൻ കെ മാത്യൂ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.വി ബാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽ കുമാർ . എൻ | സെക്രട്ടറി | 01-04-2022 | 03-10-2022 |
| ശ്രീ. ചന്ദ്രൻ.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-10-2022 | 14-10-2022 |
| ശ്രീ. ഉസ്മാൻ. വി | സെക്രട്ടറി | 15-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ചന്ദ്രൻ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.അജിത്ത് അഗസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.സുരഭി.ബി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.കല | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.ജയേഷ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| മൃദുല.എ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| സരിത.എ.എസ് | സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 01-04-2022 | 14-12-2022 |
| സുനിത.ഇ.ആർ | സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 15-12-2022 | 31-03-2023 |
| കുഞ്ഞമ്മദ് കെ പി | അസിസ്സന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-04-2022 | 31-03-2023 |
| വിനീത് വിജയൻ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ആൻസ അഗസ്റ്റിൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| അഞ്ജലി എം | ഡയറി ഫാം ഇൻസ്ലക്ടർ | 01-04-2022 | 15-07-2022 |
| സെറീന ഒ യു | ഡയറി ഫാം ഇൻസ്ലക്ടർ | 16-07-2022 | 12-11-2022 |
| നവീൻരാജ്.എം.പി | ഡയറി ഫാം ഇൻസ്ലക്ടർ | 13-11-2022 | 31-03-2023 |
| സജിത കെ.കെ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-05-2022 |
| പ്രൈംസൺ എം പ്രകാശ് | ഹെഡ് മാസ്റ്റർ | 01-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | നികുതി നികുതിയേതര വരവ്- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | നികുതി ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-5 |
| 7 | വസ്തു നികുതി വിവരങ്ങൾ സഞ്ചയ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ഡേപ്പോസിറ്റ് തുകയിൽ വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ | 1-11 |
| 19 | ലൈഫ് ഭവനപദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-12 |
| 20 | ലൈഫ് ഭവനപദ്ധതി ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-13 |
| 21 | തെരുവുടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശിക തുകയുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-14 |
| 22 | കാർഷികമേഖലയിലെ പദ്ധതികൾ-മോണിട്ടറിംഗ് ഫലപ്രദമല്ല. | 1-15 |
| 23 | ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നത് പരിശോധിക്കപ്പെടുന്നില്ല. | 1-16 |
| 24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി -നടത്തിപ്പ് | 1-17 |
| 25 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി -വ്യക്തിഗത ആസ്തി | 1-18 |

| | | |
|---|---|---|
| | നിർമ്മാണ പ്രവൃത്തികൾ - പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം നടത്തിയ വാങ്ങലുകൾക്ക് തുക അനുവദിച്ചു. | |
| 26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി -മെറ്റീരിയൽ പ്രവൃത്തികളിൽ തുക അനുവദിച്ചതിൽ അപാകതകൾ. | 1-19 |
| 27 | വിവിധ സ്ഥലങ്ങളിൽ സി.സി ടി.വി സ്ഥാപിക്കൽ - പ്രവൃത്തി ആരംഭിച്ചില്ല | 1-20 |
| 28 | നിക്ഷേപ പ്രവൃത്തികൾ - ബാക്കിയുള്ള തുക തിരികെ ഈടാക്കിയിട്ടില്ല | 1-21 |
| 29 | തെരുവ് വിളക്ക് റിപ്പയർ - കരാർ വ്യവസ്ഥകൾ പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുന്നവയല്ല. | 1-22 |
| 30 | ടാക്സേഷൻ | 1-23 |
| 31 | ലൈസൻസ് ഫീസ് ഈടാക്കിയത്- അപാകതകൾ | 1-24 |
| 32 | എസ്.എസ്.കെ വിഹിതം അടവാക്കൽ - മാർഗ രേഖയിലെ നിർദേശങ്ങൾ പാലിക്കുന്നില്ല. | 1-25 |
| 33 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി | 1-26 |
| 34 | പഞ്ചായത്ത് ഗ്രൗണ്ട് കമ്പി വേലി നിർമാണം - അപാകത | 1-27 |
| 35 | ഉപയോഗിക്കാവുന്ന മെറ്റീരിയലുകൾ പാഴാക്കുന്നു. | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | Abstract Of Annual Financial Statements |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തിരുനെല്ലി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 26.06.23 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരുനെല്ലി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുനെല്ലി ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൽപ്പറ്റ
തീയതി: 09.10.2023

സാക്ഷ്യപ്പെടുത്തുന്ന അധികാരിയുടെ ഒപ്പ്

### 1-1-1 നികുതി നികുതിയേതര വരവ്- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വിവിധ നികുതി നികുതിയേതര വരവുകളുടെ രജിസ്റ്റർ/റിപ്പോർട്ടുകളിലെയും വാർഷിക കണക്കുകളിലെയും തുകകളിലെ വ്യത്യാസം താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്ക് | | രജിസ്റ്റർ/റിപ്പോർട്ട് | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| വസ്തുനികുതി തന്നാണ്ട്(റസിഡൻഷ്യൽ) | 760767 | 788178 | 760767 | 746115 |
| വസ്തുനികുതി തന്നാണ്ട്(നോൺ റസിഡൻഷ്യൽ) | 3914500 | 3747410 | 3914500 | 3785620 |

| | | | | |
|---|---|---|---|---|
| വസ്തുനികുതി കുടിശ്ശിക(റസിഡൻഷ്യൽ) | 52155 | 54529 | 54832 | 53378 |
| വസ്തുനികുതി കുടിശ്ശിക(നോൺ റസിഡൻഷ്യൽ) | 602577 | 592966 | 866489 | 592966 |
| തൊഴിൽ നികുതി - ജീവനക്കാർ | 1705460 | 1661760 | 1705460 | 1705460 |

മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും,ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ ഇനങ്ങൾക്ക് വർഷാരംഭത്തിൽ ഡിമാന്റ് നൽകിയിട്ടില്ല. - നവംബർ മാസത്തിലാണ് വസ്തുനികുതി ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുള്ളത്. സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-4 നികുതി ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം ജി.എസ്.ടി. നികുതി ഇനത്തിലെ മുന്നിരിപ്പ്+ (തൻ വർഷം ലഭിച്ചത്- തൻവർഷം ഒടുക്കിയത്) കൂട്ടുമ്പോൾ വർഷാവസാനം ഒടുക്കുവാൻ അവശേഷിക്കുന്നത് തുകയുമായി പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | തൻ വർഷം ലഭിച്ചത് (ആർ.പി. പ്രകാരം) | തൻവർഷം ഒടുക്കിയത് (ആർ.പി. പ്രകാരം) | വർഷാവസാനം ഒടുക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 350200205 സി.ജി.എസ്.ടി. | 17985 | 202491 | 201335 | 46070 |
| 350200206 എസ്.ജി.എസ്.ടി. | 17985 | 202491 | 201335 | 460701. |
| 350200207 റ്റി.ഡി.എസ്. സി.ജി.എസ്.ടി. | 9715 | 0 | അക്രൂവൽ ഇനങ്ങൾക്ക് വർഷാരംഭത്തിൽ ഡിമാന്റ് നൽകിയിട്ടില്ല. - നവംബർ മാസത്തിലാണ് വസ്തുനികുതി ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുള്ളത്.സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്72238 | 137208 |
| 350200208 റ്റി.ഡി.എസ്. എസ്.ജി.എസ്.ടി. | 9715 | 0 | 75500 | 137208 |

## 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 വസ്തു നികുതി വിവരങ്ങൾ സഞ്ചയ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ (Balance Of Previous Year Remitted Advance Tax After Adjustment ) എന്ന കോളം പ്രകാരം |
|---|---|---|---|
| 1വാർഷിക ധനകാര്യ പത്രികയിലെ പൊതു അപാകങ്ങൾ | 350410101-Advance Collection Of Revenues -Property Tax On Residential Building | 25957 | 593866 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 55091 | 234673 |

## 1-1-7 ഡേപ്പോസിറ്റ് തുകയിൽ വ്യത്യാസം

ഡെപ്പോസിറ്റ്സ് റിസീവ്ഡ് മുൻവർഷ നീക്കിയിരുപ്പ് (ബി 7 – 14357111 + തൻവർഷ വരവ് (ആർ.പി. 33- 843149 – തൻ വർഷ ചെലവ് (ആർ.പി. 34 – 145182) എന്നത് തൻവർഷ നീക്കിയിരിപ്പ് (ബി7 – 2135793) മായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

24.03.2022 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 8.03.2023 തീയതിയിലെ 2/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | യഥാർത്ഥ ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 3588803 | 22511449 |
| വരവ് | 468457332 | 367648740 |
| ആകെ | 472046135 | 390160189 |
| ചെലവ് | 468674532 | 356599154 |
| നീക്കിബാക്കി | 3371603 | 33561035 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22511449 |
| വരവ് | 96197403 |
| ആകെ | 118708852 |

| | |
|---|---|
| ചെലവ് | 85147817 |
| നീക്കിയിരിപ്പ് | 33561035 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 47123567 | 47123567 | 42936979 | 4186588 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1379704 | 1379704 | 1241920 | 137784 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 33952305 | 33952305 | 33723834 | 228471 |
| മെയിന്റനൻസ്, റോഡ് | 0 | 20638000 | 20638000 | 16629448 | 4008552 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 10274000 | 10274000 | 9179443 | 1094557 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | | 16542934 | 16542934 | 16386652 | 156282 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - നോൺ ടൈഡ് | 0 | 9842019 | 984201926384953 | 9542656 | 299363 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിൻറെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 266 | 246303926 | 157 | 180595243 | 60 | 49 | 59 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 43 | 33 | 44106289 | 36911771 | 83.6 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 4816779 | 4123453 | 85.6 |
| 3 | അസി.എഞ്ചിനീയർ | 141 | 111 | 93926943 | 58483347 | 62.2 |

| | | | | | | |
|---|---|---|---|---|---|---|
| 4 | കൃഷി ഓഫീസർ | 8 | 5 | 9760532 | 8394789 | 86.01 |
| 5 | വി.ഇ.ഒ | 11 | 11 | 39393212 | 32875177 | 83.4 |
| 6 | മെഡിക്കൽ ഓഫീസർ, അലോപ്പതി | 12 | 12 | 3105049 | 2707062 | 87.1 |
| 7 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 800000 | 800000 | 100 |
| 8 | വെറ്ററിനറി സർജ്ജൻ | 12 | 12 | 9920000 | 7618084 | 76.7 |
| 9 | ICDS സൂപ്പർവൈസർ | 13 | 12 | 10042794 | 8338619 | 83 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 6928600 | 6928600 | 100 |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 200000 | 64000 | 32 |
| 12 | ഹെഡ്മാസ്റ്റർ | 13 | 11 | 23203728 | 13250341 | 57.1 |
| 13 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| | ആകെ | 266 | 217 | 246303926 | 180595243 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 198503 | 3376537 | 3575040 | 2459256 | 1115784 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 59393365 | 59393365 | 59393365 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് സംസ്ഥാന വിഹിതം | 0 | 1180559 | 1180559 | 1180559 | 0 |
| സാധന ഘടകം | 0 | 10764635 | 10764635 | 10764635 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2362600 | 236 |
| വിധവാപെൻഷൻ | 20130800 | 1,985 |
| വാർദ്ധക്യകാലപെൻഷൻ | 21991000 | 2237 |
| വികലാംഗപെൻഷൻ | 4114600 | 389 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 422400 | 41 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.09.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41442 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

-ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ യോഗം ഇടവേളകളിൽ വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തുന്നുണ്ട്.ഓഫീസ് ഓർഡർ മുഖേന സെക്ഷനുകളുടെ ചുമതലകൾ ജീവനക്കാരെ ഏൽപ്പിച്ച് ഒരോ സെക്ഷനും നിർവഹിക്കേണ്ട ജോലികൾ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- വരവിനങ്ങളുടെ രജിസ്റ്ററുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് ശ്രദ്ധ പുലർത്തേണ്ടതുണ്ട്. പല രജിസ്റ്ററുകളുടെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

-പഞ്ചായത്ത് കെട്ടിടം പൂർണ തോതിൽ ഹൈജനിക്ക് ആയ രീതിയിലല്ല ഉള്ളത്. കെട്ടിടത്തിന്റെ പല ഭാഗത്തും പാഴ് വസ്തുകൾ കൂട്ടിയിട്ടതായി കാണുന്നു. ആധുനിക രീതിയിൽ വൃത്തിയിലും ക്രമത്തിലും ഓഫീസ് പരിപാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

-പഞ്ചായത്ത് പരിസരത്ത് വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതായി കാണുന്നു. എം.സി.എഫ് സെന്റർ ആയി പഞ്ചായത്ത് കോമ്പൗണ്ട് പ്രയോജനപ്പെടുത്തുന്നതായി കാണുന്നു. ഇത് മഴക്കാലത്ത് പരിസര മലീനീകരണം, കൊതുക് ശല്യം എന്നിവക്ക് കാരണമാവുന്നു. പഞ്ചായത്ത് ജീവനക്കാരുടെയും ഘടക സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് ഇത് ഭീഷണിയാണ്. സ്ഥാപനവും പരിസരവും പൂർണമായും വൃത്തിയായി സൂക്ഷിക്കാൻ നടപടികൾ ആവശ്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2022 മുതൽ 25.11.2022 വരെ | 01.04.2022 മുതൽ 30.09.2022 വരെ | 10.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.06.2014 മുതൽ 08.07.2014 | 2013-14 | 05.09.2014 |

## 1-11 പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ

പതിനേഴ് വാർഡുകൾ ഉള്ള തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർവഹണം നടത്തിയിയ പ്രോജക്ടുകളുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

| | പ്രോജക്ട് വിശദാംശങ്ങൾ | |
|---|---|---|
| 1 | സ്പിൽ ഓവർ പ്രോജക്ടുകൾ | 19 |
| 2 | തൽവർഷ പ്രോജക്ടുകൾ | 122 |
| 3 | ആകെ (1+2) | 141 |
| 4 | ആകെ അടങ്കൽ | 93926943 |
| 5 | നിർവഹണം നടത്തിയത് | 111 |
| 6 | ചെലവ് തുക | 58483347 |
| 7 | ചെലവ് ശതമാനം | 62.26 |
| 8 | നിർവഹണം നടത്താതിരുന്നത് | 30 (സ്പിൽ ഓവർ 04, പുതിയത് 26) |
| 9 | വിനിയോഗിക്കാതിരുന്ന തുക (4-6) | 3544359 |

1)വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല .

അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ 62.26 ശതമാനം മാത്രമാണ് ചെലവഴിക്കാനായത് എന്ന് ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. ഏറ്റെടുത്ത ആകെ 141 പ്രോജക്ടുകളിൽ 30 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്നും കാണുന്നു.

സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം ചെയ്യാത്ത പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്. 3.54 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാനായില്ല എന്ന് കാണുന്നു. 35443596 രൂപയുടെ വികസന സാധ്യതകൾ ഗ്രാമ പഞ്ചായത്തിലെ പൊതു സമൂഹത്തിന് നഷ്ടപ്പെട്ടു എന്ന് വിലയിരുത്താവുന്നതാണ്. പ്രോജക്ടുകൾ നിർവഹണം നടത്താത്ത സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

2) സ്പിൽ ഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവറാകുന്നു .

നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി കരാറുകാരനുമായി എഗ്രിമെന്റവെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ വർക്കുകൾ പൂർത്തിയക്കാത്ത സാഹചര്യം വരുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ കരാറുകാർ അനാസ്ഥ കാണിക്കുന്നതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതാണ് സ്പിൽ ഓവർ വർക്കുകൾക്ക് കാരണമാവുന്നത്. ആകെയുള്ള 19 സ്പിൽ ഓവർ പ്രോജക്ടുകളിൽ 04 എണ്ണം ഇത്തവണയും പൂർത്തിയാക്കാനായില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ പൂർണമായും ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്ക്

പ്രയോജനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

3) ഫണ്ട് വിനിയോഗത്തിൽ പുരോഗതി

ടി.എസ്.പി വിഹിതം , മെയിന്റനൻസ് വിഹിതം എന്നിവയുടെ വിനിയോഗത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ ഗ്രാമ പഞ്ചായത്തിന് സാധ്യമായിട്ടുണ്ട് . ലഭ്യമായ ടി.എസ്.പി വിഹിതത്തിന്റെ 81.1 ശതമാനവും , റോഡ് മെയിന്റനൻസ് വിഹിതത്തിന്റെ 77.39 ശതമാവവും , നോൺ റോഡ് മെയിന്റനൻസ് വിഹിതത്തിന്റെ 77.98 ശതമാവവും വിനിയോഗിക്കാനായിട്ടുണ്ട്. വിനിയോഗിക്കാനാവത്ത ഫണ്ട് വർഷാവസാനം ലാപ്സാവുന്ന പ്രത്യേക സാഹചര്യത്തിൽ ലഭ്യമാവുന്ന ഫണ്ട് പൂർണമായും വിനിയോഗിക്കാൻ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 1-12 ലൈഫ് ഭവനപദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതി ടി എസ് പി, എസ്.സി.പി പദ്ധതിയുടെ ഫയൽ പരിശാധിച്ചതിൽ ഏതാനും ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കാൻ (2018-19,2019-20, 2020-21,2021-22 വർഷങ്ങളിൽ ആരംഭിച്ചത് ) അവശേഷിക്കുന്നതായി കാണുന്നു.
വീട് നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.
എ) ലൈഫ് ഭവന പദ്ധതി ടി എസ് പി (പ്രോജക്ട് 62/2023)
(ഒരു വീടിന് നൽകുന്ന ധനസഹായം ആറ് ലക്ഷം രൂപ)
അടങ്കൽ – 25732200 (ടി.എസ്.പി) – ചെലവ് – 21270000

| ക്രമ നം | ഗുണഭോക്താവ് | നിർമ്മാണം ആരംഭിച്ച വർഷം | വാർഡ് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ജാനു | 2018-19 | 4 | 90000 /22-12-18 |
| 2 | രാധിക രവീന്ദ്രൻ | 2020-21 | 2 | 90000 /18-8-20<br>120000/17-11-21 |
| 3 | ലക്ഷ്മി ബാലൻ | 2021-22 | 9 | 90000 /03-2-22<br>120000/17-11-21<br>210000 / 24-1-23 |
| 4 | വീണ | 2021-22 | 10 | 90000 /7-7-21<br>120000/17-11-21 |
| 5 | സുശീല രാജു | 2021-22 | 14 | 90000 /7-7-21<br>120000/18-8-23 |
| 6 | ബിന്ദു മധു | 2021-22 | 16 | 90000/ 7-7-21 |
| 7 | കുറുമാട്ടി | 2021-22 | 16 | 90000 / 26-3-22 |
| 8 | വെള്ള | 2021-22 | 16 | 90000/30-3-22 |
| 9 | ദേവിനെല്ലി | 2020-21 | 4 | 90000/29-3-21 |
| 10 | സുനിത രമേശൻ | 2018-19 | 4 | 90000/22-12-18 |

ബി) ലൈഫ് ഭവന പദ്ധതി എസ്. സി .പി (63/2023)
(ഒരു വീടിന് നൽകുന്ന ധനസഹായം ആറ് ലക്ഷം രൂപ)
അടങ്കൽ – 2643352 (എസ്.സി.പി) – ചെലവ് – 1676920

| ക്രമ നം | ഗുണഭോക്താവ് | നിർമ്മാണം ആരംഭിച്ച വർഷം | വാർഡ് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | രഞ്ജിനി | 2021-22 | 5 | 40000/ 8-9-21<br>160000/17-01-22<br>100000/29-12-22 |
| 2 | ലക്ഷ്മി കെ.വി | 2022-23 | 5 | 40000/ 15-08-22<br>160000/24-08-22 |

| | | | | |
|---|---|---|---|---|
| | | | | 100000/28-09-22 |
| 3 | രമണി | 2021-22 | 5 | 40000/ 18-08-22<br>160000/24-08-22<br>100000/28-09-22 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് ഒന്നാം ഘഡു ലഭിച്ച് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ഈ വീട് 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കത്തതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ എൻക്വയറിക്ക്(നം.13/04/09/23) ലഭ്യമാക്കിയ മറുപടിയിൽ ജാനു, സുനിത രമേശൻ എന്നിവരുടെ ഭവന നിർമ്മാണത്തിന് ഫോറസ്റ്റ് വകുപ്പ് STOP MEMO നൽകിയതിനാലാണ് താമസം നേരിടുന്നത് എന്നും അപേക്ഷിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പുരോഗമിച്ച് വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 1-13 ലൈഫ് ഭവനപദ്ധതി ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതി ടി. എസ്. പി .പദ്ധതിയുടെ (പ്രോജക്റ്റ് : 62/2023) ഫയൽ പരിശാധിച്ചതിൽ ചില ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീട്ട നിർമ്മാണം നാളിതു വരെ ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു.

ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് : 62/2023

അടങ്കൽ – 25732200 (ടി.എസ്.പി)

ചെലവ് – 21270000

(ഒരു വീടിന് നൽകുന്ന ധനസഹായം ആറ് ലക്ഷം രൂപ)

| ക്രമ നം | ഗുണഭോക്താവ് | ആദ്യഗഡു അനുവദിച്ച തീയതി | വാർഡ് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ശാരദ | 8/8/2022 | 6 | 90000/ 8-8-22 |
| 2 | ഗിരിജ സുകുമാരൻ | 26/7/21 | 14 | 90000/ 26-7-21 |
| 3 | സൗമ്യ രതീഷ് | 26/7/21 | 14 | 90000/26-7-21 |
| 4 | സിന്ദു രാജൻ | 24/11/2018 | 6 | 90000/24-11-18 |

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.) നം.34 /2018/ ത. സ്വ. ഭ. വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റി മാസങ്ങൾ പിന്നിട്ടിട്ടും അടിത്തറ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന് പ്രോജക്റ്റ് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. മേൽ പരാമർശിച്ച ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ എന്നും കരാർ വെച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ വീഴ്ച്ച വരുത്തിയ ഗുണഭോക്താക്കൾക്ക് നൽകിയ അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടിണ്ടോ എന്നും റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(14/04.09.23) ശാരദ എന്ന ഗുണഭോക്താവിന് പുഴകടത്തി മെറ്റീരിയൽ എത്തിക്കേണ്ട സാഹചര്യമാണ് ഉള്ളത് എന്നും പുഴയിൽ വെള്ളം കുറയുന്ന സമയത്ത് മാത്രമെ പ്രവൃത്തി ആരംഭിക്കാൻ കഴിയൂ എന്നും 2,3 ക്രമ നമ്പർകാർക്ക് സ്ഥലതർക്കം നിലനിന്നതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാതിരുന്നത് എന്നും ഇപ്പോൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് എന്നും ക്രമനമ്പർ 4ന് ഫോറസ്റ്റ് വകുപ്പ് STOP MEMO നൽകിയതിനാലാണ് വൈകിയതെന്നും മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 1-14 തെരുവുടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശിക തുകയുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

2019 ഒക്ടോബർ മാസം വരെ 317 ടാപ്പുകൾക്കാണ് വാട്ടർ ചാർജ്ജ് അടച്ചിരുന്നത്.28.03.2019 ന് സംയുക്തപരിശോധന നടത്തിയതിന്റെ ഫലമായി 295 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായതെന്ന് കണ്ടെത്തി. 2019 നവംബർ മാസം

മുതൽ 295 ടാപ്പുകൾക്ക് ആണ് ചാർജ്ജ് അടക്കുന്നത്.എന്നിരുന്നാലും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് 2019 മാർച്ച് മുതൽ ഒക്ടോബർ വരെ അധികം തുക അടച്ചത് ക്രമീകരിച്ചിട്ടില്ല. പ്രവർത്തനക്ഷമമല്ലാത്ത 22 ടാപ്പുകൾക്ക് അടച്ച തുക തുടർന്നുവരുന്ന ബില്ലുകളിൽ ക്രമീകരിക്കേണ്ടതാണ്.

295 ടാപ്പുകളുടെ ചാർജ്ജ് ആയി പ്രതിമാസം 142288 (295x5788.13) രൂപ വീതം അടക്കുന്നുണ്ട്.(ഡിമാന്റ് തുക 142288/month) വാട്ടർ അതോറിറ്റി പ്രതിമാസം നൽകുന്ന ബില്ലുകളിൽ മുൻബാക്കിയായി 8039766 രൂപയും പിഴയായി 157702 രൂപയും തൽമാസ ഡിമാന്റായി 142288 രൂപയും 2022 ഓഗസ്റ്റ് മാസത്തെ ബില്ലിൽ (ബിൽ 66020/08.08.2022) കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഏത് മാസങ്ങളിലെ കുടിശ്ശികയാണെന്നുള്ള രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. വാട്ടർ ചാർജസ് രേഖപ്പെടുത്തിയ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

27.10.2022 ൽ 8-)ാം നമ്പർ തീരുമാനപ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ 2014 മുതൽ 9/2022 വരെ കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കാനുള്ള കുടിശിക തുകയായ 8500581 രൂപ ആംനെസ്റ്റി അദാലത്തിൽ പരിഗണിച്ച് കുടിശികയിലെ പിഴതുകയായ 62,41,163 രൂപ ഒഴിവാക്കാനും ബാക്കി തുകയായ 22,59,388 രൂപ അടച്ച് തീർക്കുന്നതിനും Exe.Engineer Kerala Water Authority ഓഫീസിൽ നിന്നും 10.10.2022 ന് ലഭ്യമായ കത്ത് പഞ്ചായത്ത് ഭരണ സമിതി യോഗം ചർച്ച ചെയ്തു. 2259388 രൂപ തനത് ഫണ്ടിൽ നിന്ന് വകയിരുത്തുന്നതിന് തനത് ഫണ്ട് ഒറ്റത്തവണയായി ലഭ്യമല്ലാത്തതിനാൽ മാസം ഒരു ലക്ഷം രൂപ വീതം 2 വർഷത്തേക്ക് ഗഡുക്കളായി അടവാക്കുന്നതിന് അനുമതിക്കായി KWA Exe.Engineer ക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചു.

27.10.22 ൽ 11-)ാം നമ്പർ തീരുമാനപ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നത് സംബന്ധിച്ച് 12.10.2022 ലെ D1/PublicTaps/PHSD-SBY-WYND നം കത്ത് യോഗം ചർച്ച ചെയ്തു. 2022 നവംബർ 18 ന് സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചു.

തീരുമാനം നമ്പർ 4/08.07.22 പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ അടവാക്കാനുള്ള കുടിശ്ശിക സംബന്ധിച്ച പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് യോഗം ചർച്ച ചെയ്തു. തുക ലഭ്യമാകുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി അടവാക്കുന്നതാണെന്ന് അറിയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി പ്രവർത്തനരഹിതമായ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനും ആയതിന് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. കൂടാതെ തീരുമാനം നമ്പർ 1/24.01.23 പ്രകാരം

കേരള വാട്ടർ അതോറിറ്റിയുടെ 05/12/2022 ലെ 1406/E1/PHD-SBY-WYND നം കത്ത് പ്രകാരം ആംനെസ്റ്റി ആദാലത്ത് മുഖേന പൊതുടാപ്പ് വെള്ളക്കര കുടിശ്ശിക തുക തവണ വ്യവസ്ഥയിൽ അടവാക്കുന്നത് സംബന്ധിച്ച കത്ത് യോഗം ചർച്ച ചെയ്തു. മാർച്ച് മുതൽ 6 ഘഡുക്കളായി തുക അടക്കുന്നതിന് തീരുമാനിച്ചു. ആവശ്യമായി പദ്ധതി 2023-24 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കുന്നതിനും തീരുമാനിച്ചു.വെള്ളക്കരം കുടിശിഖ ഭീമമായ തുക വന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്. വാട്ടർ ചാർജ് അടവാക്കുന്നതിന് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ സൂക്ഷിക്കുന്നതിൽ വന്ന വീഴ്ച്ചയാണ് ഇതിന് കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് എൻക്വയറി.നം.12/22-23/തീയതി 03.09.2023പ്രകാരം വിവരങ്ങൾ ആരാഞ്ഞെങ്കിലും തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരങ്ങളോ , വാട്ടർ അതോറിറ്റി കുടിശ്ശിക കാണിച്ചിരിക്കുന്ന തുകയുടെ വിവരങ്ങളോ ഓഡിറ്റിന് ലഭ്യമായിട്ടില്ല.2014 മുതൽ 9/2022 വരെ കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കാനുള്ള കുടിശിക തുകയായ 8500581 സംബന്ധിച്ച് യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
നിലവിൽ വെള്ളക്കരം ടാപ്പൊന്നിന് 14559 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിലും, 2019 ന് ശേഷം സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന വസ്തുത പരിഗണിച്ചും, യുക്തമായ നടപടികൾ സ്വീകരിച്ച് സംയുക്ത പരിശോധന നടത്തി വെള്ളം ലഭ്യമാവുന്ന ടാപ്പുകൾക്ക് മാത്രം വെള്ളക്കരം അടവാക്കേണ്ടതും അധികം അടവാക്കിയ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 കാർഷികമേഖലയിലെ പദ്ധതികൾ-മോണിട്ടറിംഗ് ഫലപ്രദമല്ല.

അഗ്രികൾച്ചർ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി കാർഷികമേഖലയിൽ പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പാക്കിയതുമൂലമുള്ള ഗുണപ്രദമായ മാറ്റം സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല. പ്രോജക്ട് ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ടുകൾ വെച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. എസ്.ടി.കുടുംബശ്രീയൂണിറ്റുകൾക്ക് പച്ചക്കറികൃഷി -തൈവിതരണം

പ്രോജക്ട് നമ്പർ-174/23 എസ്.ടി.കുടുംബശ്രീയൂണിറ്റുകൾക്ക് പച്ചക്കറികൃഷി -തൈവിതരണം

ചെലവഴിച്ച തുക-2,00,000/- (ടി.എസ്സ്.പി വിഹിതം)

ട്രഷറിബിൽ/തീയതി-4/14.12.2022

2.എസ്.ടി.കുടുംബശ്രീയൂണിറ്റുകൾക്ക് ഫലവൃക്ഷതൈവിതരണം

പ്രോജക്റ്റ് നമ്പർ-182/23 എസ്.ടി.കുടുംബശ്രീയൂണിറ്റുകൾക്ക് ഫലവൃക്ഷതൈവിതരണം

ചെലവഴിച്ച തുക-157000/-(ടി.എസ്സ്.പി വിഹിതം)

ട്രഷറിബിൽ/തീയതി-10/28.03.2023

മേൽ പദ്ധതികളിൽ തൈകൾ വാങ്ങി വിതരണം നടത്തിയതായുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.വിതരണം നടത്തിയ തൈകൾ കൃഷി ചെയ്തതായോ ,ആയതുകൊണ്ട് കാർഷികമേഖലയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായതായോ,ഭരണസമിതിയോ,വർക്കിംഗ് ഗ്രൂപ്പോ,നിർവഹണോദ്യോഗസ്ഥനോ മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല.പ്രോജക്റ്റ് മോണിട്ടറിംഗ് നടത്തൽ പ്രധാനമാണ്. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് തന്നെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്ന ഘടനയാണ് നിലവിലുള്ളത്. പ്രോജക്റ്റുകൾ ഫലപ്രദമായ രീതിയിൽ മോണിറ്ററിംഗ് നടത്തുന്നതിൽ നിർവഹണ ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-16 ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നത് പരിശോധിക്കപ്പെടുന്നില്ല.

പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എടുത്ത ഭരണസമിതിതീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് തുടർപരിശോധന നടത്തുന്നതായി കാണുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തീരുമാനം നമ്പർ 6/23.07.22

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിൻറെ അനുമതി കൂടാതെയും പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായും നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി മൂന്നിരട്ടി നികുതി ചുമത്തി തുക ഈടാക്കുന്നതിന് വാർഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

തീരുമാനം നമ്പർ 15/24.01.23

അനധികൃതമായി റോഡിലേക്ക് ഇറക്കി കെട്ടിയ കെട്ടിടങ്ങൾ, പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ഇറക്കി കെട്ടിയ കെട്ടിടം എന്നിവ ഉൾപ്പടെ അടിയന്തിരമായി പൊളിച്ചു നീക്കുന്നതിന് കേരള കെട്ടിട നിർമ്മാണ ചട്ട പ്രകാരം നോട്ടീസ് അയക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

തീരുമാനം നമ്പർ 22/24.01.23

24/02/2015 ലെ G.O(P) 36/2015/LSGD ഉത്തരവ് പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതിനിരക്ക് അംഗീകരിക്കുക

ആയുർവ്വേദ സുഖ ചികിത്സാ കേന്ദ്രം – 155 രൂപ

സ്വകാര്യ ഹോസ്റ്റൽ ഹോംസ്റ്റേ - 50 രൂപ

വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ,വർക്ക്ഷോപ്പ്, - 8 രൂപ

മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്,2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - 15 രൂപ എന്നീ നിരക്കുകൾ 24.02.2015 മുതൽ മുൻകാല പ്രാബല്യത്തോടെ അംഗീകരിക്കുന്നതിനും .റെസിഡൻഷ്യൽ ഹോം സ്റ്റെ 15 രൂപ 08-10-2020 മുതൽ മുൻകാല പ്രാബല്യത്തോടെ അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

ഓഡിറ്റ് എൻക്വയറി 16/22-23 തീയതി 05.09.2023 പ്രകാരം, തീരുമാനങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. തീരുമാനങ്ങൾ നടപ്പിലാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി -നടത്തിപ്പ്

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ലേബർ ബഡ്ജറ്റ് പ്രകാരമുള്ള തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല

| ലേബർ ബഡ്ജറ്റ് പ്രകാരം സൃഷ്ടിക്കാനുദ്ദേശിച്ച തൊഴിൽ ദിനങ്ങൾ | സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | വ്യത്യാസം | ലേബർ ബഡ്ജറ്റ് പ്രകാരം ചെലവഴിക്കാനുദ്ദേശിച്ച തുക | ചെലവഴിച്ച തുക | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 231680 | 194162 | 37518 | 67419000 | 59500924 | 7918076 |

2.പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർ ഭൂരിഭാഗവും തൊഴിലിനിറങ്ങുന്നില്ല.

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ചെയ്യുന്നവർ | | | | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100തൊഴിൽദിനം നേടിയവർ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| SC | ST | Others | Total | SC | ST | Others | Total | SC | ST | Others | Total | SC | ST | Others | Total |
| 93 | 3669 | 3786 | 7548 | 47 | 1829 | 1359 | 3235 | 2224 | 107795 | 84143 | 194162 | 8 | 323 | 416 | 747 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിന് ആവശ്യപ്പെടുകയും മസ്റ്ററോളുകൾ ലഭ്യമാക്കുകയും ചെയ്തിട്ട് പണിക്കിറങ്ങാത്ത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ പഞ്ചായത്തിൻറെ SDG PARAMETER പിന്നോട്ട് പോകുന്നതിനാൽ ടി തൊഴിലാളികൾ പണിക്കിറങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അക്രഡിറ്റഡ് എഞ്ചിനീയർ യോഗത്തെ അറിയിച്ചത് സംബന്ധിച്ച് ഭരണസമിതി ചർച്ച ചെയ്യുകയും എല്ലാ വാർഡുകളിലും മസ്റ്റർ റോളുകൾ ലഭ്യമാക്കിയ തൊഴിലാളികൾ പണിക്കിറങ്ങുന്നുണ്ടെന്ന് വാർഡുമെമ്പർമാർ ഉറപ്പുവരുത്തേണ്ടതാണെന്നും തീരുമാനം നമ്പർ 05/03.03.2023 പ്രകാരം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർനടപടി സ്വീകരിച്ചുകാണുന്നില്ല. രജിസ്റ്റർ ചെയ്ത തൊഴിലാളികൾ ജോലി ആവശ്യപ്പെടുകയോ, ജോലിക്ക് ഹാജരാവുകയോ ചെയ്യാത്ത സാഹചര്യം വിലയിരുത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ലേബർ ബഡ്ജറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും കൂടുതൽ തൊഴിലാളികളെ പങ്കെടുപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി -വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ - പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം നടത്തിയ വാങ്ങലുകൾക്ക് തുക അനുവദിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ - പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം നടത്തിയ വാങ്ങലുകൾക്ക് തുക അനുവദിച്ചു.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ മിഷൻ ഡയറക്ടർ (കേരളം) 12.07.2020 - ലെ 2168/ബി 1/2019/ആർ.ഇ.ജി.എസ്. നമ്പർ സർക്കലർ പ്രകാരം വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് അനുസരിച്ച് TIN നമ്പറുള്ള വ്യാപാരികളിൽ നിന്നും അംഗീകൃത നിരക്കിൽ സാധന സാമഗ്രികൾ ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങാവുന്നതും ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകാവുന്നതുമാണ്.

മേൽപറഞ്ഞ സർക്കുലറിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത ആസ്തികൾ നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിയ സാധന സാമഗ്രികളുടെ തുക ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുണ്ട്. എന്നാൽ പല നിർമ്മാണ പ്രവൃത്തികളുടെയും നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷമുള്ള തീയതിയിലെ ബില്ലുകളുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

പ്രവൃത്തി പൂർത്തിയായതിനു ശേഷം ബിൽ സമർപ്പിച്ചവ

| ക്രമനം. | ഗുണഭോക്താവ്, പ്രവൃത്തി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | സാധന സാമഗ്രികൾ വാങ്ങിയതിന്റെ ബിൽ തീയതി / തുക | തുക നൽകിയതിന്റെ വിവരങ്ങൾ/FTO No/date |
|---|---|---|---|---|
| 1 | മേരി ഉണ്ടത്തിൽ , കിണർ നിർമ്മാണം | 15.05.22 | 13.07.22/ 67258 | 180820231643/18.05.23 |
| 2 | ഓമന വളപ്പിൽ, തൊഴുത്ത് നിർമ്മാണം | 07.06.22 | 10.06.22/7224<br>14.06.22/3414<br>25.07.22/2678 | 150520231612/29.07.23 |

| | | | | |
|---|---|---|---|---|
| 3 | ബിന്ദുമണിയൻ , ആട്ടിൻകൂട് നിർമ്മാണം | 14.08.22 | 10.02.23/22706<br>03.03.23/6319 | തുക നൽകിയിട്ടില്ല. |
| 4 | ശിവരാമൻ വെള്ളറോടി, തൊഴുത്ത് നിർമ്മാണം | 16.08.22 | 15.03.23/5300<br>15.03.23/4096 | 110720231613/11.07.23 |
| 5 | സുലോചന കാർമുള്ളിൽ, തൊഴുത്ത് നിർമ്മാണം | 14.08.22 | 10.03.23/11550<br>06.03.23/16500<br>07.03.23/60625 | 180820231630/18.08.23 |

മെറ്റീരിയൽ തുക അനുവദിച്ചതിൽ അപാകതകൾ വന്നവയുടെ ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ചേർത്തത്.ഓഡിറ്റ് എൻക്വയറി നമ്പർ 7 /22-23 തീയതി 03.09.2023 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ഉദ്യോഗസ്ഥരുടെ കുറവ് കാരണമാണ് ഇത് സംഭവിച്ചതെന്നും പിന്നോക്കമേഖലയായ പഞ്ചായത്തിലെ ഗുണഭോക്താക്കളുടെ അറിവില്ലായ്മ മൂലം ബില്ലുകൾ യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ച പറ്റിയെന്നും നിലവിൽ അപാകതകൾ ഇല്ലാതെയാണ് പ്രവൃത്തികളുടെ ഫയലുകൾ സൂക്ഷിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി -മെറ്റീരിയൽ പ്രവൃത്തികളിൽ തുക അനുവദിച്ചതിൽ അപാകതകൾ.

2022-23 വർഷം രണ്ട് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ മഹാത്മാ ഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതിയിലുൾപ്പെടുത്തി ചെയ്തിട്ടുണ്ട്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ഉറമ്പൂർ അമ്പലംറോഡ് കോൺക്രീറ്റ്-80 Metre

അളവുപുസ്തകം നമ്പർ-227/21-22

എസ്റ്റിമേറ്റിൽ 80m ആണെങ്കിലും അളവുപുസ്തകപ്രകാരം ചെയ്തിട്ടുള്ളത് 76 Metre ആണ്

2.ഉറമ്പൂർ അമ്പലംറോഡ് കോൺക്രീറ്റ്-80 Metre

അളവുപുസ്തകം നമ്പർ-273/21-22

എസ്റ്റിമേറ്റിൽ 80m ആണെങ്കിലും അളവുപുസ്തകപ്രകാരം ചെയ്തിട്ടുള്ളത് 76 Metre ആണ്

രണ്ട് പ്രവൃത്തികൾക്കുമായി മെറ്റീരിയൽസ് നൽകിയതിന് താഴെപ്പറയുന്ന രീതിയിൽ തുക ചെലവഴിച്ചിട്ടുണ്ട്.

FTO Number 1411202216199/14.11.22-724796-തുക അനുവദിച്ചിരിക്കുന്നത് ജമാൽ .ഇ. എന്ന വ്യക്തിക്കാണ്.

രണ്ട് ഫയലുകളിലുമായി സപ്ളെയർ സമർപ്പിച്ച രണ്ട് ഇൻവോയിസുകൾ ഉണ്ട്.

| ക്രമനമ്പർ | ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 006 | 30.04.22 | 325197 |
| 2 | 005 | 30.04.22 | 325197 |

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.അതുകൊണ്ട് തന്നെ പ്രവൃത്തികൾ ചെയ്തത് എവിടെയാണെന്ന് വ്യക്തമല്ല.

2.മെറ്റീരിയൽ പ്രവൃത്തികൾ നടപ്പാക്കിയത് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളിലാണോയെന്ന് വ്യക്തമല്ല.

3.പ്രവൃത്തികൾക്കുള്ള മെറ്റീരിയൽസ് വാങ്ങിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഫയലിൽ ജമാൽ എന്നയാളുടെ ഇൻവോയിസും അയാളുമായി വെച്ച കരാറും മാത്രമാണുള്ളത്.ഇൻവോയിസ് പ്രകാരമുള്ള നിരക്ക് അംഗീകരിച്ചതായോ ,മെറ്റീരിയൽസ് സപ്ലൈ ചെയ്തതായോ ഉള്ള രേഖകൾ ഫയലിൽ ഇല്ല.

4.വിവിധ പ്രവൃത്തികൾക്കായി വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്ററർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഇൻവോയിസ് പ്രകാരമുള്ള മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിൽ തന്നെ അതിന്റെ വില 325197x2=650394 രൂപ മാത്രമാണ് .എന്നാൽ, കരാറുകാരന് നൽകിയത് 724796 രൂപയാണ്. 74402രൂപ എന്തിന് അധികം നൽകിയെന്ന് വ്യക്തമല്ല.

5. ബില്ലുകളിൽ നിന്നും GST ഈടാക്കിയ വിവരങ്ങൾ ഫയലിൽ ഇല്ല.

6. സാധനങ്ങൾ സപ്ലൈ ചെയ്തതായി ഫയലുകളിൽ സെക്രട്ടറിയോ,അസിസ്റ്റന്റ് സെക്രട്ടറിയോ,എ.ഡി.എസ് മേറ്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7.സാധന സാഗ്രികളുടെ വാങ്ങൽ, സംഭരണം വിനിയോഗം,വിദഗ്ദ്ധ/ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അധ്യക്ഷനായി ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/ മാസത്തിൽ സാധന സാമഗ്രികൾ/വിദഗ, അർദ്ധവിദഗ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറു മാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, ആവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങൾവാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 15/22-23തീയതി 05.09.23 ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. എത്ര രൂപയുടെ മെറ്റീരിയൽസ് വാങ്ങി എന്ന് വ്യക്തമാക്കേണ്ടതും അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.വിവരങ്ങളുടെ അഭാവത്തിൽ 724796 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തൊഴിലുറപ്പ് പദ്ധതി സുതാര്യമായും അഴിമതി രഹിതമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 വിവിധ സ്ഥലങ്ങളിൽ സി.സി ടി.വി സ്ഥാപിക്കൽ - പ്രവൃത്തി ആരംഭിച്ചില്ല

ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സി.സി ടി.വി സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവഹണം നടത്തുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നം.154/23 - വിവിധ സ്ഥലങ്ങളിൽ സി.സി ടി.വി സ്ഥാപിക്കൽ

അടങ്കൽ – 1300000 (വികസനഫണ്ട് - 1025600 ,തനത് ഫണ്ട് - 274400)

ചെലവ് - ബിൽ നം. 23/22-2023 തീയതി 09.02.2023 തുക 1025600

വൗച്ചർ നം. 22200913 തീയതി 22.02.2023 – 274400

ഗ്രാമ പഞ്ചായത്ത് ഓഫീസ്, ബസ് സ്റ്റാന്റ്, ക്രിമറ്റോറിയം, കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ സി.സി ടി.വി സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസ്, ക്രിമറ്റോറിയം, ബസ് സ്റ്റാന്റ് എന്നിവടങ്ങളിൽ സി.സി ടിവി സ്ഥാപിക്കുന്നതിന് 1300000 രൂപ കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത തുക പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (തൃശ്ശൂർ) അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ സി.സി ടിവി സ്ഥാപിച്ചതായുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ സിസി ടിവി സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. സി.സി ടിവി സ്ഥാപിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കേണ്ടതും പദ്ധതി പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും ഹാജരാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 9 / 3.09.2023 നൽകിയിരുന്നു. പദ്ധതി നടത്തിപ്പിനായി നിർവഹണ ഏജൻസി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ,സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ റദ്ദാക്കേണ്ടി വന്നു. തുടർന്ന് റീ ടെണ്ടർ നടത്തുകയും പ്രവൃത്തി ആരംഭിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് എന്നും പ്രവൃത്തി പൂർത്തിയാവുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി വിശദീകരണം നൽകി . പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതും, പ്രവൃത്തിയുടെ കാലതാമസം നിർവഹണ ഏജൻസിയുടെ ശ്രദ്ധയിൽ പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരം ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 1300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതും, പ്രവൃത്തിയുടെ കാലതാമസം നിർവ്വഹണ എജൻസിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 നിക്ഷേപ പ്രവൃത്തികൾ - ബാക്കിയുള്ള തുക തിരികെ ഈടാക്കിയിട്ടില്ല

തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നം. 31/23 - വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 7170600

ചെലവ് - തുക കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചത് -7100000

വൗച്ചർ നം. 22200644 തീയതി 28/11/2022 തുക 7100000

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി നടത്തുന്നതിനായി ഒടുക്കിയ തുകയിൽ സെന്റേജ് ചാർജ്ജ് ഉൾപ്പടെ ആകെ 5572641 രൂപ ചെലവഴിച്ചതായി 23/08/2023 തീയതിയിലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 1527359 രൂപ ബാക്കിയുള്ളതായും അറിയിച്ചുണ്ട്. പ്രസ്തുത തുക കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. അപാകത പരാമർശിച്ച് നൽകിയ 10/3.9.2023 ഓഡിറ്റ് എൻക്വയറിക്ക് അവശേഷിക്കുന്ന തുക ഭരണസമിതി തീരുമാനത്തിന് വിധേയമായി തിരിച്ചടവാക്കുകയോ, ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെടുന്ന മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കുകയോ ചെയ്യുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകി.വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക ഗ്രാമ പഞ്ചായത്തിലെ മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിച്ച വിവരം ലഭ്യമാക്കുകയോ, തിരിച്ചടവാക്കിയ വിവരം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 തെരുവ് വിളക്ക് റിപ്പയർ - കരാർ വ്യവസ്ഥകൾ പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുന്നവയല്ല.

സെക്രട്ടറി നിർവഹണം നടത്തിയ 253/23 - തെരുവ് വിളക്ക് റിപ്പയർ എന്ന പ്രോജക്ട് ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി ലക്ഷ്യം വെച്ചുള്ളതാണ്. തനത് ഫണ്ട് 729300 വകയിരുത്തിയ പ്രോജക്ടിന് നികുതി ഉൾപെടെ 728900 ചെലവുണ്ട് .വൗച്ചർ 22200948 / 03.03.2023 ₹ 728900 (685166 കരാറുകാരന് , 7289ആദായ നികുതി ,36445 സെക്യൂരിറ്റി നിക്ഷേപം )

സ.ഉ(സാധാ) നമ്പർ 2385/2018/ത.സ്വ.ഭ.വ തീയതി 06/09/2018 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും എൽ.ഇ.ഡി ബൾബ് വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ പ്രസ്തുത യൂണിറ്റുകളെ ഏൽപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല, സ.ഉ(സാധാ)455/2019/ത.സ്വ.ഭ.വ തീയതി 28/02/2019 പ്രകാരം വയനാട് ജില്ലയിലെ ഫ്രണ്ട്സ് കുടുംബശ്രീ യൂണിറ്റിനെ ഇപ്രകാരമുള്ള വർക്കുകൾ ചെയ്യുന്നതിനുള്ള നോഡൽ ഏജൻസിയായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട്സ് ജെ.എൽ.ജി ആക്ടിവിറ്റി ഗ്രൂപ്പ് വാളാട് എന്ന് സ്ഥാപനം സമർപ്പിച്ച പ്രഫോർമ ഇൻവോയ്സ് പ്രകാരം എൽ.ഇ.ഡി ബൾബുകളുടെ വില ,വാറണ്ടി എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉൽപ്പന്നത്തിന്റെ പേര് | വാറണ്ടി | അളവ് | വില |
|---|---|---|---|---|
| 1 | 24 Watt LED Street Lighting Luminary (Manual Operation) With All Accessories | 24 Months | 1 | 2900 |
| 2 | 36 Watt LED Street Lighting Luminary (Manual Operation) With All Accessories | 24 Months | 1 | 3400 |
| 3 | 24 Watt LED Street Lighting Luminary (Manual Operation) With All Accessories | 36 Months | 1 | 3300 |
| 4 | 36 Watt LED Street Lighting Luminary (Manual Operation) With All Accessories | 36 Months | 1 | 3800 |
| 5 | Automatic On/Off System Suitable For LED Street Lights | 24 Months | 1 | 400 |
| 6 | Automatic On/Off System Suitable For LED Street Lights | 36 Months | 1 | 490 |

പഞ്ചായത്ത് ഭരണ സമിതിയുടെ 05.12.2022 തീയതിയിലെ 1(19) തീരുമാനം പ്രകാരം പ്രഫോർമ ഇൻവോയ്സിലെ ക്രമ നമ്പർ 3, 5 ഇനങ്ങൾ വാങ്ങി സ്ഥാപിക്കാൻ തീരുമാനിക്കുകയും സെലക്ഷൻ നോട്ടീസ് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സെക്രട്ടറിയുടെ 400999/DPP115/GENERAL/2022/6440(1)/ 28-12-2022 കത്ത് മുഖേന 200 രൂപ മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെട്ട് ഗ്രാമ പഞ്ചായത്ത് നിർദ്ദേശിക്കുന്ന പ്രകാരം സ്ട്രീറ്റ് ലൈറ്റും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതിനുള്ള ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയാക്കി 003 /07-01-2023 ഇൻവോയ്സ് പ്രകാരം 197 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകളുടെ വില (ഒന്നിന് 3300 രൂപ നിരക്കിൽ ) 650100 രൂപയും 197 ഓട്ടോമാറ്റിക് ഓൺ/ഓഫ് സിസ്റ്റം - വില ( ഒന്നിന് 400 രൂപ നിരക്കിൽ) 78800 രൂപയും അടക്കം ആകെ 728900 രൂപ അനുവദിക്കാൻ ഏജൻസി ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ പുതിയതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് , തെരുവ് വിളക്കുകളുടെ എണ്ണം, തെരുവ് വിളക്കുകൾ സ്ഥാപിച്ച സ്ഥലങ്ങളുടെ സൈറ്റ് പ്ലാൻ, കെ.എസ്.ഇ.ബി പോസ്റ്റുകളുടെ നമ്പർ സഹിതമുള്ള രേഖകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.9.2011ലെ സർക്കുലർ നം 3055/ഡി.എ3/2011 തസ്വഭവ, സർക്കുലർ നം.ഡി.എ3/2016 ത.സ്വ.ഭ.വ തീയതി 7.11.2017 നിർദ്ദേശങ്ങൾ കരാറുകാരനുമായുള്ള ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

3. കരാറുകാരൻ ടെണ്ടറിനോടൊപ്പം ലൈസൻസ്, പ്രവൃത്തി നടത്തുന്ന തൊഴിലാളികളുടെ ലൈസൻസ്, തൊഴിലാളികളുടെ സുരക്ഷക്കായി എടുത്തിട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻ പോളിസിയുടെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

4. തിരുനെല്ലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ഫ്രണ്ട്സ് ജെ.എൽ.ജി ആക്ടിവിറ്റി ഗ്രൂപ്പ് മാർക്കറ്റിംഗ് മാനേജർ എന്നിവർ തമ്മിൽ 31/12/2022 തീയതിയിൽ ഏർപ്പെട്ടിട്ടുള്ള കരാർ വ്യവസ്ഥ 7 പ്രകാരം പഞ്ചായത്തിൽ സ്ഥാപിച്ച ആകെ വഴിവിളക്കുകളിൽ 10% ൽ കൂടുതൽ കേടുപാട് സംഭവിച്ചാൽ സെക്രട്ടറി രേഖാമൂലം അറിയിച്ച് കഴിഞ്ഞാൽ 30 ദിവസത്തിനകം ആയത് ശരിയാക്കി നൽകാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. എന്നാൽ, 10% ൽ കുറവ് എണ്ണം തെരുവ് വിളക്കുകൾ കേടായാൽ ആയത് റിപ്പയർ ചെയ്യുന്നതിനുള്ള ബാധ്യത സപ്ളെയർക്ക് /കരാറുകാരന് ഇല്ല എന്ന് കരാറിൽ വ്യവസ്ഥ ചെയ്യുന്നു. ഇത് വാറണ്ടി വ്യവസ്ഥക്ക് വിരുദ്ധവും പഞ്ചായത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതുമല്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

5.ഗ്രാമ പഞ്ചായത്ത് വാങ്ങിയത് 36 മാസം വാറണ്ടിയുള്ള തെരുവ് വിളക്കുകളും 24 മാസം വാറണ്ടിയുള്ള ഓട്ടോമാറ്റിക് ഓൺ/ഓഫ് സിസ്റ്റവുമാണ്. ഒരേ സംവിധാനത്തിന്റെ രണ്ട് ഘടകങ്ങൾക്ക് വ്യത്യസ്ഥ വാറണ്ടി കാലയളവ് രേഖപ്പെടുത്തിയത് തെരുവ് വിളക്കുകളുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നതാണ്.

6.തകരാറില്ലാത്ത ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഗാമ പഞ്ചായത്ത് ലിസ്റ്റ് നൽകുന്ന സാഹചര്യത്തിൽ ഒരു ലൈറ്റിന് 236 രൂപ കരാറുകാരന് പഞ്ചായത്ത് നൽകണമെന്ന് കരാർ വ്യവസ്ഥ 8 ൽ പറഞ്ഞിട്ടുണ്ട്. ഇത് കരാറുകാരന്റെ താൽപര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന വ്യവസ്ഥകളാണ് .

7.ഭരണ സമിതിയുടെ 15/02/2023 ലെ മീറ്റിങ്ങിൽ 2023 ൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾ നിലവാരം കുറഞ്ഞതാണെന്ന് കാണിച്ച് കാക്കവയൽ ബ്രാഞ്ച് CPI (M), കാക്കവയൽ , തൃശ്ശിലേരി എന്നവരുടെ പരാതി പരിഗണിക്കുകയും , സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നില്ല എന്ന വാർഡുമെമ്പർമാരുടെ പരാതി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച ഫ്രണ്ട്സ് ജെ.എൽ.ജി വാളാട് എന്ന സ്ഥാപന അധികാരികളെ ഗ്രാമപഞ്ചായത്തിലേക്ക് നേരിട്ട് വിളിച്ച് വരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചതായും കാണുന്നു.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11തീയതി 3/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 253/23 - തെരുവ് വിളക്ക് റിപ്പയർ എന്ന പ്രോജക്ടിന്റെ ഭാഗമായി ചെയ്ത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതാണ് .

## 1-23 ടാക്സേഷൻ

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും മേലാപ്പീസിലെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2 ആയി എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായി മീറ്റിംഗ് മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സമ്പൂർണ്ണ വസ്തുനികുതി പിരിവിന്റെ പുരോഗതി വിവിധ യോഗങ്ങളിൽ അവലോകനം ചെയ്യുകയും, വസ്തുനികുതി പിരിവ് കുറവ് നിലനിൽക്കുന്ന വാർഡുകളിൽ ക്യാമ്പ് കളക്ഷൻ ഉൾപ്പെടെ കൂടുതൽ ഫലപ്രദമായി നടത്തി വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭരണസമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയതായും പരിശോധനയിൽ ബോധ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പ് വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്. സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ്. 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 6000000 | 4535588 | 1464412 |
| Profession Tax | 2500000 | 1867730 | 632270 |
| Rental Income | 6508000 | 1630692 | 4877308 |
| Licence Fees | 650000 | 383600 | 266400 |
| Permit Fee For Construction Of Building | 320000 | 157688 | 162312 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്ന നിൽക്കുന്നതാവാൻ ശ്രദ്ധിക്കേണ്ടതാണ്.

വസ്തു നികുതി

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ്വ പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തിരുനെല്ലി ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 05.04.2023 ലെ 4/1ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ഇതു സംബന്ധിച്ച അറിയിപ്പ് 08.06.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 24.05.2023 ലെ 10/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം താത്ക്കാലികമായി അംഗീകരിക്കുകയും ചെയ്തിട്ടുമുണ്ട്. തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല.

4.കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. നിലവിൽ ഈ യോഗ്യതയുള്ളവരുമായി അഭിമുഖം നടത്തി 3 ഉദ്യോഗാർഥികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

5. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പരസ്യപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ആയത് പരസ്യപ്പെടുത്തിയിട്ടില്ല. ഇത് കാരണം 01.04.2023ന് ശേഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കേസുകളിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ച്, പുതിയ നിരക്ക് പ്രകാരമുള്ള അധിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ അപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും , ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ , ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിയും , ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവ് വിളക്കുകൾ ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ

താഴെ പറയുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജലവിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

തിരുനെല്ലി ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ് ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് .

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

ലൈസൻസ് ഫീസ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടെ പ്രവർത്തിക്കുന്നുവെന്നും ലൈസൻസ് ഫീസ് ഇനത്തിൽ കിട്ടേണ്ട തുക പൂർണമായും ലഭ്യമാകുന്നുവെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

വാടക

പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്ക് പ്രകാരം വാടക ഇനത്തിൽ 1630692 രൂപ ലഭിച്ചിട്ടുണ്ട് നിലവിൽ ലഭിക്കുന്ന വാടകയിൽ 5% തൊട്ടടുത്ത വർഷം വർദ്ധന വരുത്തുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും ഓഡിറ്റോറിയത്തിൽ നിന്നും ലഭിക്കുന്ന വാടകയും ഭൂമി ലീസിന് നൽകിയുമാണ് വാടകയിനത്തിൽ തുക ലഭിക്കുന്നത്.

പഞ്ചായത്ത് ലൈബ്രറി

നിലവിൽ ഗ്രാമ പഞ്ചായത്തിൽ ലൈബ്രറി ഉണ്ടെങ്കിലും ആയത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ലൈബ്രറിയുടെ പ്രവർത്തനം നടപ്പിലാക്കിയിട്ടില്ല. ലൈബ്രേറിയൻ തസ്തികയിൽ നിലവിൽ ആരെയും നിയമിച്ചിട്ടില്ല.

ലൈബ്രറി ഫീസ് ഇനത്തിൽ തൻവർഷം 425 രൂപ വരവുണ്ട്. ലൈബ്രറി സൗകര്യം നാട്ടുകാർക്ക് ഉപകാരപ്രദമാവുന്ന തരത്തിൽ ക്രമീകരിക്കേണ്ടതും, രജിസ്ട്രേഷൻ, വാർഷിക ഫീസ് എന്നിവയിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുന്നതിനും ലൈബ്രറി ഉപയോക്താക്കൾക്ക് ആവശ്യമായ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

മാർക്കറ്റുകൾ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മാർക്കറ്റുകൾ ഇല്ല. ആയതിനാൽ തന്നെ ഈ ഇനത്തൽ വരുമാനം ഇല്ല.

രജിസ്ട്രേഷൻ ഫീസ്

1. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 650 രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 3200/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുവുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ തന്നെ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ഇ-ടെണ്ടർ ഫോറം വിൽപ്പന

ഗ്രാമ പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനം നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.ഐ.ഡി &ഇ.ഡബ്ല്യു) അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കപ്പെടുന്നത്. ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട തുക വർഷങ്ങളായി പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നില്ല. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറം വില ഐ.റ്റി മിഷന്റെ അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കപ്പെടുന്നത്. പ്രസ്തുത തുകകൾ യഥാസമയം ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള ഈ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പബ്ലിക് കംഫർട്ട് സ്റ്റേഷൻ& ബസ് സ്റ്റാന്റ് എന്നിവയിൽ നിന്നുള്ള വരുമാനം

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക് കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റിൽ നിന്നുള്ള പിരിവ് എന്നിവയിൽ നിന്നും വരുമാനം ലഭിച്ചതായി കാണുന്നില്ല.

ക്രമ വത്കരിക്കപ്പെടാത്ത കെട്ടിടങ്ങൾ

ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന കാട്ടികുളം ടൗൺ പ്രദേശത്തും ഗ്രാമ പഞ്ചായത്തിന്റെ മറ്റ് പ്രദേശത്തും 2017 ന് മുമ്പ് നിർമ്മാണം പൂർത്തിയായതും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതുമായ ധാരാളം കെട്ടിടങ്ങൾ നിലവിലുണ്ട്. ആയത് ക്രമവത്ക്കരിക്കുന്നതിന് കെട്ടിട ഉടമയുടെ ഭാഗത്ത് നിന്ന് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. പ്രസ്തുത നിയമ വിരുദ്ധ നിർമ്മാണത്തിന് എതിരെ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. 2018 ലെ കെട്ടിട നിർമ്മാണ ക്രമവത്കരണ ചട്ടങ്ങൾ പ്രകാരം ക്രമവത്ക്കരിക്കുകയാണെങ്കിൽ വളരെ ഉയർന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കും സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിലേക്കും വരുമാനം ലഭിക്കുന്നതാണ്. ഇത്തരം കെട്ടിടങ്ങളുടെ ഫീൽഡ്തല പരിശോധന നടത്തി ഗ്രാമ പഞ്ചായത്തിന് തനത് വരുമാന വർദ്ധനവിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച ധാരാളം കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ തന്നെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതും പലതിനും ഗ്രാമ പഞ്ചായത്ത് അധികൃതർ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ഇത്തരം നിർമ്മാണങ്ങൾക്ക് നിയമ നടപടികൾ പൂർത്തിയാകുന്നത് വരെ അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ നമ്പർ നൽകി നിയമാനുസൃതം ഈടാക്കേണ്ട നികുതിയുടെ 3 ഇരട്ടി ഈടാക്കേണ്ടതാണ്. എന്നാൽ അത്തരം നടപടികൾ നാളിതുവരെ സ്വീകരിക്കാത്തതിനാൽ വൻതുക നികുതി ഇനത്തിൽ നഷ്ടമായിട്ടുണ്ട്. ഇത്തരം നിർമ്മിതികളുടെ മേൽ നിർമ്മാണം പൂർത്തിയാക്കിയ കാലം മുതൽ നാളിതുവരെ യുള്ള കാലത്തെ നികുതി (നിയമാനുസൃതം ഈടാക്കേണ്ട നികുതിയുടെ മൂന്ന് ഇരട്ടി) ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

ടൂറിസം മുഖേനയുള്ള വരവുകൾ

വിവിധ വിനോദ സഞ്ചാരികളുടെ കേന്ദ്രമായ തിരുനെല്ലി (ആത്മീയ ടൂറിസം, മറ്റ് ടൂറിസം) ഗ്രാമ പഞ്ചായത്തിന് ആയതിൽ നിന്നും തനത് വരുമാനമൊന്നും ലഭിക്കുന്നതായി കാണുന്നില്ല. വിനോദ സഞ്ചാര വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി ആയതിൽ നിന്നും വരുമാനം ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. വിനോദ സഞ്ചാരികൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി ആയതിന് പാർക്കിംഗ് ഫീ പോലുള്ള ഫീസുകൾ ഈടാക്കുന്നതിലൂടെ വരുമാന വർദ്ധനവ് നേടാവുന്നതാണ്. കൂടുതൽ ജനങ്ങളും കാർഷിക വൃത്തിയിലും ക്ഷീര മേഖലയും ഉപജീവനമായി കാണുന്ന ഗ്രാമ പഞ്ചായത്തിന് ഇവരുടെ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിലൂടെയും അവയുടെ വിപണത്തിലൂടെയും ജനങ്ങളുടെയും തദ്വാര ഗ്രാമ പഞ്ചായത്തിന്റെയും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ്.

## 1-24 ലൈസൻസ് ഫീസ് ഈടാക്കിയത്- അപാകതകൾ

1) ഗ്രാമപഞ്ചായത്തിൽ യന്ത്ര സഹായത്താൽ പ്രവർത്തിക്കുന്ന റൈസ് മില്ലുകളും കാപ്പി മില്ലുകളും പ്രവർത്തിക്കുന്നതായി ലൈസൻസ് ഫയൽ പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. എന്നാൽ ഇവയുടെ ലൈസൻസ് ഫീസ് ഒടുക്കിയപ്പോൾ മോട്ടോർ ഫീസ് ഈടാക്കിയതായി കാണുന്നില്ല.മാത്രമല്ല, സ്ഥാപനത്തിന്റെ പേര്, ഉപയോഗിക്കുന്ന യന്ത്ര സംവിധാനത്തിന്റെ കുതിര ശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല എന്നും കാണുന്നു. ഇപ്രകാരം മോട്ടോർ ഫീസ് ഒടുക്കാത്ത ഏതാനും മില്ലുടമകളുടെ പേരുകൾ ചുവടെ ഉദാഹരിക്കുന്നു.

(I)ശ്രീ. കെ.കെ.ഇബ്രാഹിം

(Ii)ശ്രീ. പി.ഡി.തോമസ്

(Iii)ശ്രീ. അഷ്റഫ്

യന്ത്രസംവിധാനം ഉപയോഗപ്പെടുത്താതെ മില്ലുകളുടെ പ്രവർത്തനം സാധ്യമല്ല എന്നിരിക്കെ, മേൽ ലൈസൻസികളിൽ നിന്ന് അർഹമായ ഫീസ് ഈടാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.അർഹമായ ലൈസൻസ് ഫീ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) സർവ്വീസ് വില്ലകൾ, ഹോട്ടലുകൾ, ലോഡ്ജുകൾ, റിസോർട്ടുകൾ മുതലായവയ്ക്ക് ലോഡ്ജിംഗ് ഫീസ് ഈടാക്കുന്നതിൽ വീഴ്ച്ച വന്നിട്ടുള്ളതായി കാണുന്നു. അപ്രകാരം ലോഡ്ജിംഗ് ഫീസ് ഒടുക്കാത്ത ഉടമകളുടെ പേരുകൾ ചുവടെ ഉദാഹരിക്കുന്നു.

(I)ശ്രീ. ടി.എസ് ബാലസുബ്രഹ്മണ്യൻ

(Ii)ശ്രീ. ശിവദാസൻ.കെ

(Iii)ശ്രീ. സിറിൾ

മേൽ ഉടമകളിൽ നിന്നും ലോഡ്ജിംഗ് ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്. അപാകത 08/04.09.2023 ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-25 എസ്.എസ്.കെ വിഹിതം അടവാക്കൽ - മാർഗ രേഖയിലെ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം ₹ 2000000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്. 155/23 പ്രോജക്റ്റ് പ്രകാരം പ്ലാൻ വിഹിതം സാധാരണ വിഹിതവും, 156/23 പ്രോജക്റ്റ് പ്രകാരം ടി.എസ്.പി വിഹിതവുമാണ് അടവാക്കിയത് . തുക അടവാക്കിയതിന് വിനിയോഗ വിവരം ലഭ്യമാക്കുകയും , 38.67 ലക്ഷം രൂപ തൽവർഷം പഞ്ചായത്ത് പരിധിയിൽ വിനിയോഗിച്ചതായും അറിയിച്ചിട്ടുണ്ട്.

എസ്.എസ്.കെ പ്രൊജക്റ്റ് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ( GO(MS) 84/2022/LSGD Dt 19.04.2022 ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ നൽകുന്നു

1. എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്റ്റ് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)
2. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്റ്റിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്റ്റ് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ

വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. ( ഖ 8.6.4)

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

- പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മാർഗരേഖയിൽ നിർദേശിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നിർവഹണ ഉദ്യോഗസ്ഥൻ എസ്.എസ്.കെയുമായി ഇടപെടലുകൾ നടത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് അടവാക്കുന്ന തുക പൂർണമായും ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിദ്യഭ്യാസ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ ഭരണ സമിതിയും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-26 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ കെട്ടിടങ്ങളുടെ നവീകരണ പ്രോജക്ടുകളുടെ ഭാഗമായി സിംഗിൾ സെക്ഷൻ വർക്കായി ജി.ഐ പൈപ്പ് ഉപയോഗിച്ച് ഷീറ്റ് വർക്ക് ചെയ്തിട്ടുണ്ട്. ഇതിനായി DSR കോഡ് 10.16.1 പ്രകാരമുള്ള 169.88/kg നിരക്കാണ് (Dsr 2018, Cost Index 36.44) നൽകിയിട്ടുള്ളത്. ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ വർക്കിന് Approved Observed Data 50.10.2 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. ഇത് പ്രകാരം 153.29/kg മാത്രമെ നിരക്ക് വരുന്നുള്ളൂ. ഇപ്രകാരം കരാറുകാരന് അധികം തുക നൽകിയതായി വ്യക്തമാവുന്നു. ഡാറ്റ വിശകലനം നടത്തി നൽകിയ തുക അർഹമായ തുകയാണോ എന്ന് പരിശോധിക്കേണ്ടതാണ്.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ഈ ഇനത്തിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 18 /2022-23/06.9.2023 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക @10.16.1 | നൽകാവുന്ന തുക @50.10.2 | അധികം |
|---|---|---|---|---|
| കൈതവള്ളി അംഗനവാടി റിപ്പയർ ( 95/23)<br>ബിൽ : 21/14.2.2023 - തുക 299943<br>Est Id : 60947/2022<br>കരാർ AE/19/03.12.2022<br>Dsr 2018, Cost Insex 36.44 %<br>കരാറുകാരൻ :ശ്രീ. മുജീബ്. എച്ച്. | 329.894Kg | 56042.39<br>@169.88/Kg | 50569.45<br>@153.29/Kg | 5472.9<br>=5473 |
| കാളിന്ദി കുടിവെള്ള പദ്ധതി മെയിന്റനൻസ് ( 92/23)<br>ബിൽ : 15/31.01.2023 - തുക 195984<br>Est Id : 69897/2022<br>കരാർ AE/18/03.12.2022<br>Dsr 2018, Cost Insex 36.44 %<br>കരാറുകാരൻ :ശ്രീ. മുജീബ്. എച്ച്. | 482.912 Kg | 82037.09<br>@169.88/Kg | 74025.58<br>@153.29/Kg | 8011.51<br>=8012 |

| | | | | |
|---|---|---|---|---|
| വിവിധ അംഗനവാടികളുടെ അറ്റകുറ്റപണി ( 30/23)<br>ബിൽ : 45/23.03.2023 - തുക 265589<br>Est Id : 66186/2022<br>കരാർ AE/38/17.12.2022<br>Dsr 2018, Cost Insex 36.44 %<br>കരാറുകാരൻ : ശ്രീ. ബാബു. എൻ. വി. | 605.004Kg | 93775.62<br>@155/kg<br>(8.75% ബിലോ)<br>അടിസ്ഥാന നിരക്ക് @169.88/kg | 84621.9<br>@139.87/kg<br>(8.75% ബിലോ)<br>അടിസ്ഥാന നിരക്ക് @153.29/Kg | 9153.72<br>=9154 |
| പഞ്ചായത്ത് ഹാൾ നവീകരണം ( 286/23)<br>ബിൽ : 66/28.03.2023 - തുക 757923<br>BRN : 70958/30.03.2023 - തുക 242077<br>Est Id : 15879/2023<br>കരാർ AE/106/21.03.2023<br>Dsr 2018, Cost Insex 36.44 %<br>കരാറുകാരൻ : ശ്രീ. അസ്ഹറുദ്ധീൻ. കെ | 506.50Kg | 85598.5<br>@169/kg<br>(.51% ബിലോ)<br>അടിസ്ഥാന നിരക്ക് @169.88/kg | 77241.25<br>@152.5/kg<br>(.51% ബിലോ)<br>അടിസ്ഥാന നിരക്ക് @153.29/Kg | 8357.25<br>=8357 |
| | | | ആകെ | 30996 |

തുക കരാറുകാരിൽ നിന്ന് ഈടാക്കിയ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-27 പഞ്ചായത്ത് ഗ്രൗണ്ട് കമ്പി വേലി നിർമാണം - അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 282/23 പഞ്ചായത്ത് ഗ്രൗണ്ട് കമ്പി വേലി നിർമാണം. ( കരാറുകാരൻ : ബാബു.എൻ. വി ) എന്ന പ്രോജക്ടിന്റെ പുരോഗതി നേരിട്ട് വിലയിരുത്തുന്നതിനായി 05.09.2023 ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. പൊതു വിഭാഗം സാധാരണ വിഹിതം രണ്ട് ലക്ഷം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. ബിൽ 65/20.03.2023 പ്രകാരം 67417 രൂപ കരാറുകാരന് പാർട്ട് ബിൽ നൽകുകയും ചെയ്തിട്ടുണ്ട് .

പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചു. പഞ്ചായത്ത് ഗ്രൗണ്ടിന്റെ അരികിൽ നിലനിൽക്കുന്ന കിണറിന് സംരക്ഷണം നൽകുന്നതിനാണ് പ്രധാനമായും പ്രോജക്ട് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ജി.ഐ പൈപ്പ് ഉപയോഗിച്ച് പോസ്റ്റ് സ്ഥാപിച്ച് , വയർ ബ്രഷ് ഉപയോഗിച്ചുള്ള ഫെൻസിങ്ങ് നടത്തിയിട്ടുണ്ട്. എന്നാൽ , ഈ പോസ്റ്റുകളിൽ പ്രൈമർ ഉപയോഗിച്ചിട്ടില്ല എന്ന് കാണാനായി.

പാർട്ട് ബിൽ മാത്രമാണ് നൽകിയത് എന്നും അവശേഷിക്കുന്ന വർക്കുകൾ പുരോഗമിക്കുന്ന സമയത്ത് അപാകത പരിഹരിക്കുന്നതാണ് എന്നും നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചു. പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും , എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ഭംഗിയായി നിർവഹിക്കപ്പെടുന്നു എന്ന് നിരീക്ഷിക്കേണ്ടതുമാണ്.

അപാകത 19/05.09.2023 ഓഡിറ്റ് എൻക്വയറി മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-28 ഉപയോഗിക്കാവുന്ന മെറ്റീരിയലുകൾ പാഴാക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 98/23 ആനപ്പാറ സബ് സെന്റർ നവീകരണം ( കരാറുകാരൻ : മണി.കെ.എസ്സ്. ) എന്ന പ്രോജക്ടിന്റെ പുരോഗതി നേരിട്ട് വിലയിരുത്തുന്നതിനായി 05.09.2023 ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. നോൺ റോഡ് മെയിന്റനൻസ് വിഹിതം നാല് ലക്ഷം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. ബിൽ 67/20.03.2023 പ്രകാരം

108062 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട് .

പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചു.

പ്രോജക്ടിന്റെ ഭാഗമായി സബ്സെന്ററിന്റെ നടുമുറ്റം ഷീറ്റ് വിരിക്കുകയും ജി.ഐ പൈപ്പ് ഉപയോഗിച്ച് ടാങ്ക് ബേസ് നിർമിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള ജി.ഐ പൈപ്പ് അഴിച്ച് മാറ്റി പകരം പുതിയ പൈപ്പ് ഉപയോഗിച്ചാണ് ഷീറ്റ് വർക്ക് നിർവഹിച്ചിട്ടുള്ളത്. എന്നാൽ , നിലവിലുണ്ടായിരുന്ന പൈപ്പ് സബ്സെന്ററിന്റെ ഒഴിഞ്ഞ ഭാഗത്ത് കൂട്ടിയിട്ടതായി കാണുന്നു. ഇത് വെയിലും മഴയും കൊള്ളുന്ന അവസ്ഥയിലാണ് ഉള്ളത്. ഈ പൈപ്പുകൾ പുനരുപയോഗിക്കാവുന്നവയാണ് എന്ന് കാണുന്നു. ഉപയോഗയോഗ്യമായ മെറ്റീരിയലുകൾ ഉപേക്ഷിച്ചത് ക്രമപ്രകാരമല്ല. ഈ മെറ്റിരിയലുകൾ ഗുണപരമായ രീതിയിൽ ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അവശേഷിക്കുന്ന വർക്കുകൾ നിർവഹിക്കുന്ന സമയത്ത് പൈപ്പുകൾ ഉപയോഗപ്പെടുത്തുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചു. ഈ മെറ്റീരിയലുകൾ സബ്സെന്ററിന്റെ തുടർന്നുള്ള പ്രവൃത്തികൾക്കോ ഗ്രാമ പഞ്ചായത്തിന്റ മറ്റ് പ്രവൃത്തികൾക്കോ പ്രയോജനപ്പെടുത്താൻ അസിസ്റ്റന്റ് എഞ്ചിനീയർ ജാഗ്രത പുലർത്തേണ്ടതാണ്. പുനരുപയോഗ സാധ്യതയുള്ള മെറ്റീരിയലുകൾ പാഴാക്കി കളയുന്നതും, അലക്ഷ്യമായ രീതിയിൽ ഉപേക്ഷിക്കുന്നതും പൊതു മുതലുകളുടെ ദുരുപയോഗ പരിധിയിൽ വരുന്നതാണ് എന്നും ശ്രദ്ധയിൽ പെടുത്തുന്നു.

അപാകത 19/05.09.2023 ഓഡിറ്റ് എൻക്വയറി മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ കെട്ടിടങ്ങളുടെ നവീകരണ പ്രോജക്ടുകളുടെ ഭാഗമായി സിംഗിൾ സെക്ഷൻ വർക്കായി ജി.ഐ പൈപ്പ് ഉപയോഗിച്ച് ഷീറ്റ് വർക്ക് ചെയ്തിട്ടുണ്ട്. ഇതിനായി DSR കോഡ് 10.16.1 പ്രകാരമുള്ള 169.88/kg നിരക്കാണ് (Dsr 2018, Cost Index 36.44) നൽകിയിട്ടുള്ളത്. ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ വർക്കിന് Approved Observed Data 50.10.2 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളു. ഇത് പ്രകാരം 153.29/kg മാത്രമെ നിരക്ക് വരുന്നുള്ളു. ഇപ്രകാരം കരാറുകാരന് അധികം തുക നൽകിയതായി വ്യക്തമാവുന്നു. ഡാറ്റ വിശകലനം നടത്തി നൽകിയ തുക അർഹമായ തുകയാണോ എന്ന് പരിശോധിക്കേണ്ടതാണ്.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ഈ ഇനത്തിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 18 /2022-23/06.9.2023 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക @10.16.1 | നൽകാവുന്ന തുക @50.10.2 | അധികം |
|---|---|---|---|---|
| കൈതവള്ളി അംഗനവാടി റിപ്പയർ ( 95/23)<br>ബിൽ : 21/14.2.2023 - തുക 299943<br>Est Id : 60947/2022<br>കരാർ AE/19/03.12.2022<br>Dsr 2018, Cost Insex 36.44 % | 329.894Kg | 56042.39<br>@169.88/Kg | 50569.45<br>@153.29/Kg | 5472.9<br>=5473 |

| | | | | |
|---|---|---|---|---|
| കരാറുകാരൻ :ശ്രീ. മുജീബ്. എച്ച്. | | | | |
| കാളിന്ദി കടിവെള്ള പദ്ധതി മെയിന്റനൻസ് ( 92/23)<br>ബിൽ : 15/31.01.2023 – തുക 195984<br>Est Id : 69897/2022<br>കരാർ AE/18/03.12.2022<br>Dsr 2018, Cost Insex 36.44 %<br>കരാറുകാരൻ :ശ്രീ. മുജീബ്. എച്ച്. | 482.912 Kg | 82037.09<br>@169.88/Kg | 74025.58<br>@153.29/Kg | 8011.51<br>=8012 |
| വിവിധ അംഗനവാടികളുടെ അറ്റകുറ്റപണി ( 30/23)<br>ബിൽ : 45/23.03.2023 – തുക 265589<br>Est Id : 66186/2022<br>കരാർ AE/38/17.12.2022<br>Dsr 2018, Cost Insex 36.44 %<br>കരാറുകാരൻ : ശ്രീ. ബാബു. എൻ. വി. | 605.004Kg | 93775.62<br>@155/kg<br>(8.75% ബിലോ)<br>അടിസ്ഥാന നിരക്ക് @169.88/kg | 84621.9<br>@139.87/kg<br>(8.75% ബിലോ)<br>അടിസ്ഥാന നിരക്ക് @153.29/Kg | 9153.72<br>=9154 |
| പഞ്ചായത്ത് ഹാൾ നവീകരണം ( 286/23)<br>ബിൽ : 66/28.03.2023 – തുക 757923<br>BRN : 70958/30.03.2023 – തുക 242077<br>Est Id : 15879/2023<br>കരാർ AE/106/21.03.2023<br>Dsr 2018, Cost Insex 36.44 %<br>കരാറുകാരൻ : ശ്രീ. അസ്ഹറുദ്ധീൻ. കെ | 506.50Kg | 85598.5<br>@169/kg<br>(.51% ബിലോ)<br>അടിസ്ഥാന നിരക്ക് @169.88/kg | 77241.25<br>@152.5/kg<br>(.51% ബിലോ)<br>അടിസ്ഥാന നിരക്ക് @153.29/Kg | 8357.25<br>=8357 |
| | | | ആകെ | 30996 |

സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 4/9/2023 മുതൽ 6/09/2023 | ഇതേ ഓഡിറ്റ് റിപ്പോർട്ട് നമ്പറും തീയതിയും |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 997640 | സമഗ്ര നെൽകൃഷി വികസം, കൂലിചെലവ് | 997640 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 216000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 216000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1525396 | ഗോത്ര സാരഥി പദ്ധതി | 1525396 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1600000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1600000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 64000 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി | 64000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 828600 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 828600 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 72000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 72000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2188383 | സമഗ്ര നെൽകൃഷി വികസം, കൂലിചെലവ് | 2188383 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 31/23 വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 22200644/28.11.2022 | 7100000 | 5572641 | 1527359 |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| ലൈഫ് മിഷൻ വായ്പാ മുതല് തിരിച്ചടവ് | 19,485,495 | 8524224 | 10,961,271 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഹാജരാക്കിയ വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഈ ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.89.1 | 2006-2007 | | ജീവനക്കാർ തൊഴിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കാത്തത് | ലോക്കൽ അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2015-16, 2016-2017 | | 2017-18 | അനുബന്ധം-5 ക്രമ നം. 5 | ബാവലി ടൗ ൺ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃതകരാർ ചമയ്ക്കാത്തത് | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകിയിട്ടുണ്ട് |
| 2015-16- | 2-5 | 2016-17 | 2.5 | തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 96197403 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 85147817 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 30996 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2024796 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 30996 | ശ്രീ.കുഞ്ഞമ്മദ്.കെ.പി,അസി.എഞ്ചിനീയർ |
| ആകെ | | 30996 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 724796 | ശ്രീ. ചന്ദ്രൻ.എൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 1300000 | ശ്രീ. ഉസ്മാൻ. വി, സെക്രട്ടറി |
| ആകെ | 2024796 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉസ്മാൻ .വി,സെക്രട്ടറി | സെക്രട്ടറി,തിരുനെല്ലി ഗ്രാമപഞ്ചായത്ത് | വെള്ളച്ചാൽ ഹൗസ്, തൊണ്ടർനാട് പി.ഓ വയനാട് ജില്ല പിൻ : 670644 |
| ശ്രീ.കുഞ്ഞമ്മദ്.കെ.പി,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,തിരുനെല്ലി ഗ്രാമപഞ്ചായത്ത് | കല്ലമ്പുറത്ത്, എടവക പി.ഒ. വയനാട് പിൻ : 670645 |
| ശ്രീ. ചന്ദ്രൻ. എൻ | അസിസ്റ്റന്റ് സെക്രട്ടറി വിരമിച്ചു | അജേഷ് നിവാസ്, ക്ലബ് കുന്ന് ,മാനന്തവാടി വയനാട് ജില്ല പിൻ : 670645 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.(ഡ്ബ്ള്യൂ).പി.5/622(2)/14 18.04.15 | 2 |
| 1998-99 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി3/592/03 തീയ്യതി 17.11.2022 | 4 |
| 2002-03 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി3/163/2007 തീയ്യതി 17.11.2022 | 2 |
| 2003-04 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി3/496/2008 തീയ്യതി 17.11.2022 | 4 |
| 2005-06 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി3/486/2009 തീയ്യതി 17.11.2022 | 1 |
| 2006-07 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി3/490/2009 തീയ്യതി 17.11.2022 | 1 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി3/980/2010 തീയ്യതി 17.11.2022 | 7 |
| 2008-09 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി3/713/2011 തീയ്യതി 17.11.2022 | 3 |
| 2009-10 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി3/714/2011 തീയ്യതി 17.11.2022 | 1 |
| 2010-11 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി3/192/2012 തീയ്യതി 17.11.2022 | 2 |
| 2011-12 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി2/570/2013 തീയ്യതി 17.11.2022 | 5 |
| 2012-13 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി5/713/14 തീയ്യതി 17.11.2022 | 5 |
| 2013-14 | കെഎസ്എഡബ്ല്യൂ.വൈ.ഡി.-പി4/478/15 തീയ്യതി 17.11.2022 | 7 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-പി4/372/2016 തീയ്യതി 17.11.2022 | 9 |
| 2015-16 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി4/848/16 തീയ്യതി 17.11.2022 | 6 |
| 2016-17 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി4/367/17 തീയ്യതി 17.11.2022 | 13 |
| 2017-18 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-40/2019 തീയ്യതി 17.11.2022 | 14 |
| 2018-19 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-118/2020 തിയ്യതി 17.11.2022 | 2 |
| 2019-2020 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-436/2021 തിയ്യതി 07/02/2022 | 20 |
| 2020-21 | കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി/പി-4/606/22 തീയ്യതി 23/07/2022 | 27 |
| 2021-22 | കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി/പി-4/50/23 തീയ്യതി 27/03/2023 | 26 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thirunelly Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thirunelly Grama Panchayat for the year 2022-2023

Date: 09/10/2023

Deputy Director
District Office Wayanad
Kerala State Audit Department

## Audit Report appended to the Audit Certificate of Thirunelly Grama Panchayat for the Year 2022-2023.

**1.Major Observations**

-demand entries for receivables not made at the begning of financial year (para 1-1-3)

**2.Other Observations**

- tax income and non tax income figures do not match with the figures shown in AFS (1-1-1)

-asset ragister not updated (1-1-2)

-GST figures not matching with the closing balance (1-1-4)

-all registers and statements as per account rules not kept (1-1-5)

-deposit amounts shown in AFS do not match with the figures of previous year closing balnce (1-1-7)

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

4

# Abstract of Annual Financial statements

## Thirunelly Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 676 761 7.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 206 859 2.00 |
| 140000000 | Fee & User Charges | I-4 | 116 419 8.00 |
| 150000000 | Sale & Hire Charges | I-5 | 727 50.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 286 316 337.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 171 414.00 |
| 180000000 | Other Income | I-9 | 641 118.00 |
| 190000000 | Prior Period Income | I-19 | 409 895.00 |
| | **Total Income** | | **178 321 215 6.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 138 106 08.00 |
| 220000000 | Administrative Expenses | I-11 | 132 208 5.00 |
| 230000000 | Operations & Maintenance | I-12 | 350 091 0.00 |
| 240000000 | Interest & Finance Charges | I-13 | 705.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 233 204 73.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 929 886 55.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 106 433 27.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 642 781 38.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 490 514 00.00 |
| 255000000 | Maintanance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 154 960 5.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 198 228 61.00 |
| | **Total Expenditure** | | **168 173 260 2.00** |
| | **Gross Surplus / Deficit of income over Expenditure** | | **101 479 554.00** |
| | **Gross Surplus / Deficit of income over Expenditure** | | **101 829 649.00** |
| [illegible] | [illegible] | I-18 | [illegible] |

Page No : 1

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 59800.00 |
| | **Net Balance being surplus/ deficit carried over to Balance Sheet ( Panchayat Fund)** | | **350095.00** |

## Thirunelly Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 21913344.00 |
| Cash | Cash | RP-40(a) | 598105.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 16617600.00 |
| 130000000 | Rental income from Panchayat Properties | RP-3 | 437900.00 |
| 140000000 | Fees & User Charges | RP-4 | 780598.00 |
| 150000000 | Sale & Hire Charges | RP-5 | 72750.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14865000.00 |
| 171000000 | Interest Earned | RP-9 | 171414.00 |
| 190000000 | Prior Period Income | RP-11 | 43750.00 |
| 220000000 | Administrative Expenses | RP-13 | 7100.00 |
| 311000000 | Earmarked Funds | RP-28 | 1981.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 61975847.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 13568091.00 |
| 460000000 | Loans, Advances and Deposits | RP-49 | 0.0 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 276860.00 |
| 340000000 | Deposits Received | RP-33 | 843149.00 |
| 350000000 | Other Liabilities | RP-35 | 1491203.00 |
| | **Grand total** | | **712253112.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 3120.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6428488.00 |
| 460000000 | Loans, Advances and Deposits | RP-49 | 3141192.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 145182.00 |
| 350000000 | Other Liabilities | RP-35 | 75429835.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 33261305.00 |

Page No : 1

Digitally signed by UDMAN
Date: 2023.09.27 16:48:38
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 299730.00 |
| | **Grand Total** | | **712253112.00** |

## Thirunelly Grama Panchayat
## BALANCE SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 108145731.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 29357.00 |
| 312000000 | Reserves | B-3 | 177848521.00 |
| | **Total Reserve & Surplus** | | **1716141654.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 53437014.00 |
| | **Total Grants, Contributions for Specific Purposes** | | **320622084.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 12041112.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **72246672.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 2135793.00 |
| 341000000 | Deposits Works | B-8 | 41000.00 |
| 350000000 | Other Liabilities | B-9 | 3291780.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **32811438.00** |
| | **TOTAL LIABILITIES** | | **2141821848.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 3059790.00 |
| 412000000 | Capital Work in Progress | B-11(b) | 32737436.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3990764.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 63738170.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 212800507.00 |
| 416000000 | Accumulated Depreciation | B-11(a) | -37464588.00 |
| | **Total Fixed Assets** | | **1673172474.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |